# *തലക്കെട്ടെന്ന തലേക്കെട്ട്*

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, D.Sc.,Ph.D.)*

ചിലർക്കു നിസർഗ്ഗ നിർത്ധരിയിൽ
ആദ്യമൊഴുക്ക്–
നീരവമെന്നും നിനാദമെന്നും
ചെല്ലപ്പേർ.
ഇല്ലപ്പേരിലെ,യില്ലാപ്പിരിവു
തിരഞ്ഞ്
ചെല്ലപ്പേരിലെ ചെറുകണ്ടം
ഉഴുത്
മാംസളബിംബം കുത്തിത്തിരുകാൻ
കൃത്രിമ വന്ധ്യത്തൂലിക മഷിയിൽ
ശക്തി മടക്കിക്കുടഞ്ഞ ദളത്തിൽ
അറിവാം നെറിവു കളഞ്ഞ വരപ്പ്.

ചിലർക്കു വചനക്കെട്ടാം
മാംസജ്വരം പടരും മുമ്പേ
തലേലുദിക്കും തലകീഴായ
തത്ത്വശാസ്ത്ര പുച്ഛപുരാണം;
മറന്ന ശൈലിയും
മറഞ്ഞ ശ്വാസവും
അനർഗ്ഗള സ്വത്തിൽ
ഉല്പന്ന മഹിമാപ്പരസ്യം
വിറ്റുക്കാശാക്കാൻ
തലക്കെട്ടുത്തേടി കേഴൽ.

കഠിനതയിൽ നങ്കൂരമിടും
കുടുസ്സുചിന്തയ്ക്കു
യാത്രാമൊഴി ചൊല്ലും
കാനൽജലക്കെട്ടിൽ
തലയിലെ കെട്ടഴിച്ച്
ആത്മസത്ത പിഴിഞ്ഞ്

ഒറ്റത്തുള്ളീവറ്റലിൽ
അർത്ഥപൂർണ്ണമാം
തലക്കെട്ടിനായ്
കല്ലിച്ച കല്ലച്ചു കളഞ്ഞ്
“കൊർട്ടി”യിൽ വിരലൂന്നി
പുത്തനച്ചിൻ പൂരം!
************************************